# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 2955** 07.12.2018-ലെ മറുപടി

## നാദാപുരത്തെ കുടിവെള്ള പദ്ധതി

**ചോദ്യം**

**ശ്രീ.ഇ.കെ.വിജയൻ**

**മറുപടി**

**കെ. കൃഷ്ണൻകുട്ടി**

(ജലവിഭവ വകുപ്പ് മന്ത്രി)

എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാദാപുരം മണ്ഡലത്തിൽ പുതിയതായി ആരംഭിച്ച കുടിവെള്ള പദ്ധതികൾ ഏതൊക്കെ എന്ന് വിശദമാക്കാമോ;

എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാദാപുരം മണ്ഡലത്തിൽ എം.എൽ.എ – ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി പുതിയതായി താഴെ പറയുന്ന കുടിവെള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്

1. മരുതോംകര പഞ്ചായത്തിലെ ചെക്കോറ കുടി വെള്ള പദ്ധതി
2. വാണിമേൽ പഞ്ചായത്തിലെ വാളാന്തോട് കുടി വെള്ള പദ്ധതി
3. തൂണേരി പഞ്ചായത്തിലെ ബാലവാടി ഏരിയ മിനി വാട്ടർ സ്കീം
4. ചെക്യാട് പഞ്ചായത്തിലെ എരഞ്ഞോട് മുത്തങ്ങച്ചാൽ കുടി വെള്ള പദ്ധതി
5. നാദാപുരം പഞ്ചായത്തിലെ തറക്കണ്ടി കുടി വെള്ള പദ്ധതി

ബി) നാദാപുരം മണ്ഡലത്തിലെ ചെക്കിയാട് ഗ്രാമ പഞ്ചായത്തിലെ ബി.എസ്. എഫ് കേന്ദ്രത്തിലേക്ക് കുടിവെള്ളം ലഭ്യമാക്കാൻ അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ബി) ഉണ്ട്. അപേക്ഷ പ്രകാരം സർവ്വെ പ്രവൃത്തികൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ കുന്നുമ്മൽ കുടിവെള്ള പദ്ധതിയുടെ ഭാഗമായ വളയം ഗ്രാമപഞ്ചായത്തിൽ നിന്നും പ്രത്യേകമായ ഒരു വിതരണ പൈപ്പ് ലൈൻ സ്ഥാപിച്ച് BSF കേന്ദ്രത്തിൽ കുടിവെള്ളം എത്തിയ്ക്കാൻ കഴിയുമെന്ന് കണ്ടെത്തിയിട്ടുണ്ട് . ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിയുടെ പ്രാഥമിക എസ്റ്റിമേറ്റ് തയ്യാറാക്കി BSF അധികൃതർക്ക് സമർപ്പിച്ചിട്ടുണ്ട്. ഈ പ്രവൃത്തിക്കായി ഇപ്പോൾ വിശദമായി എസ്റ്റിമേറ്റ് തയ്യാറാക്കി കൊണ്ടിരിക്കുകയാണ്. എസ്റ്റിമേറ്റ് തുക BSF അധികൃതർ കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്യുന്ന മുറയ്ക്ക് പ്രവൃത്തി തുടങ്ങാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

Renuka Sankar

സെക്ഷൻ ഓഫീസർ